# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 8-ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -29)

404) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നവീകരണ പരിപാടികൾ
405) വിമുക്തഭടൻമാരുടെ ക്ഷേമത്തിനായി കോർപ്പറേഷൻ രൂപീകരണം
406) മാതൃകാ ആശുപത്രികളായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം
407) അച്ചൻകോവിലാറിൽ നിന്നും ജലം മേക്കര ഡാമിലേക്ക് ഒഴുക്കാൻ ടണൽ നിർമ്മാണം
408) ആനുകൂല്യങ്ങളൊന്നും ലഭിക്കാത്ത ജനവിഭാഗങ്ങളെ കണ്ടെത്തി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി പദ്ധതി
409) വികസന മാസാചരണം
410) സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി
411) പോലീസ് വകുപ്പിലെ അഴിമതിയും പക്ഷപാതപരമായ നടപടികളും ഇല്ലാതാക്കാൻ നടപടി
412) അഗതികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും പദ്ധതികൾ
413) അന്നയോജന-അന്ത്യോദയ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങൾ
414)ത്രികളിൽ അത്യാധുനിക ചികിത്സാ സംവിധാനത്തിനുള്ള കർമ്മ പദ്ധതി
415)ധാരാ പദ്ധതി നടപ്പിലാക്കാൻ അപേക്ഷിച്ച ഗ്രാമപഞ്ചായത്തുകൾ
416) ഔഷധ സസ്യ ബോർഡിന്റെ പ്രവർത്തനം
417)ക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ പുതിയ പദ്ധതികൾ
418)ഗവൺമെന്റ് ആശുപത്രികളിൽ ലഭിക്കുന്ന സേവനം
419)ഭരണനവീകരണ പരിപാടിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ വരുത്തുന്ന പരിഷ്ക്കാരങ്ങൾ
420)പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ് ഏർപ്പെടുത്താൻ നടപടി
421) റോഡുകൾ റബ്ബറൈസ് ചെയ്യാൻ നടപടി
422)ആശുപത്രികളും പരിസരങ്ങളും മാലിന്യ വിമുക്തമാക്കുവാൻ നടപടി
423)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി
424) ഗവൺമെന്റ് ആശുപത്രികളിലെ രോഗികൾക്ക് ആവശ്യമായ ഭക്ഷണം വിതരണം ചെയ്യാൻ നടപടി
425)ശാസ്ത്ര സ്ഥാപനങ്ങൾക്ക് ധനസഹായം നേടിയെടുക്കുന്നതിന് നിലവിലുള്ള സംവിധാനം
426) ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം
427)ആരോഗ്യ ഫണ്ട് രൂപീകരിക്കാൻ നടപടി
428) വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചുകൂട്ടിയ അഖിലകക്ഷി യോഗം
429) പോലീസ് സേനയിൽ വർദ്ധിച്ചുവരുന്ന അഴിമതിയും കൈക്കൂലിയും തടയാൻ നടപടി
430) പത്താം പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിലുള്ള കുറവ്
431) തരിശുഭൂമി വികസനത്തിന് കേന്ദ്ര ഗവണ്മെന്റിൽ നിന്നും ലഭിച്ച ധനസഹായം
432) എക്സ് സർവീസ്മെൻസ് കോർപ്പറേഷൻ രൂപീകരണം

### സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നവീകരണ പരിപാടികൾ

*404. ഡോക്ടർ തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ.വി. കുഞ്ഞിരാമൻ :
ശ്രീ. എ.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നവീകരണ പരിപാടികളാണ് അംഗീകരിച്ചിട്ടുള്ളത്;

(ബി) എ.ഡി.ബി.യുടെ ഭരണ നവീകരണ പരിപാടിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; പ്രസ്തുത നവീകരണ പരിപാടിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) നവീകരണ പരിപാടിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) നവീകരണ പരിപാടിയിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ പരിപാടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നവീകരണ പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായി സേവന നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വിവിധ മേഖലകളിൽ സർക്കാർ നടപ്പാക്കാൻ തീരുമാനിച്ച നവീകരണ പരിപാടികളുടെ വിശദാംശം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആൻണി ( മുഖ്യമന്ത്രി):**

(എ) സർക്കാർ നവീകരണ പരിപാടിക്ക് അന്തിമ രൂപം ആയിട്ടില്ല. എം.ജി.പി.ക്കു വേണ്ടിയിട്ടുള്ള 93 ഉദ്യമങ്ങളുടെ പശ്ചാത്തല രൂപരേഖകൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചർച്ചകൾക്കായി അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുവായ ചർച്ചകളിലൂടെ ഉരുത്തിരിയുന്ന ഭേദഗതികൾ കൂടി പരിഗണിച്ചശേഷം തയ്യാറാക്കുന്ന പ്രവർത്തന പദ്ധതി വിശദമായി പരിശോധിച്ച ശേഷമേ സർക്കാർ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളു.

(ബി) ഭരണ നവീകരണ പരിപാടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടത്തുന്ന ഒരു പരിപാടിയാണ്. പ്രസ്തുത പരിപാടിയുടെ പശ്ചാത്തല രൂപരേഖ പൊതുചർച്ചകൾക്കായി അച്ചടിച്ച് വിതരണം ചെയ്യുകയും ംംം.സല്യൂമഹമാഴു.ീൃഴ എന്ന വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ദരിദ്രർക്കും അധ:സ്ഥിതർക്കും അടിസ്ഥാന സേവന ലഭ്യത ഉറപ്പാക്കുക, സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസര സൃഷ്ടിക്കും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക, സാമ്പത്തിക സുസ്ഥിരത കൈവരിക്കുക, സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, കാര്യക്ഷമവും ഫലപ്രദവും പ്രാപ്യവുമായ പ്രാദേശിക സ്വയംഭരണ സർക്കാരുകൾ കെട്ടിപ്പടുക്കുക എന്നിവയാണ് സർക്കാർ നവീകരണ പരിപാടിയിൽ മുൻഗണന നൽകിയിട്ടുള്ള മേഖലകൾ.

(ഡി) സർക്കാരിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക, സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിലൂടെ സർക്കാരിന്റെ പ്രവർത്തനങ്ങളാകെ ജനോപകാരപ്രദമാക്കുന്നതിന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ് സർക്കാർ നവീകരണ പരിപാടി. ഈ പരിപാടിയുടെ കീഴിൽ രൂപകൽപ്പന ചെയ്തിട്ടുള്ള 93 ഉദ്യമങ്ങൾ പൊതുജനാഭിപ്രായ സമാഹരണത്തിനായി ംംം.സല്യൂമഹമാഴു.ീൃഴ എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(എഫ്) സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**<u>വിമുക്തഭടൻമാരുടെ ക്ഷേമത്തിനായി കോർപ്പറേഷൻ രൂപീകരണം</u>**

*405. ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ വിമുക്ത ഭടന്മാർക്ക് മറ്റു സംസ്ഥാനങ്ങളിലെ വിമുക്തഭടന്മാരെ അപേക്ഷിച്ച് ആനുകൂല്യം കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) രണ്ടാം ലോകമഹായുദ്ധകാലത്തെ വിമുക്ത ഭടന്മാർക്കും വിധവകൾക്കും പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിൽ സംഭവിച്ചിട്ടുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി ( മുഖ്യമന്ത്രി) :**

(എ) & (ബി) സംസ്ഥാനത്തെ വിമുക്തഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനും പുനരധിവാസത്തിനുമായി 23-6-2000-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.409/2000/പൊ.ഭ.വ. ഉത്തരവ് പ്രകാരം ' കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ

കോർപ്പറേഷൻ ' രൂപീകരിക്കുകയും 7-12-2001-ൽ 1956-ലെ കമ്പനീസ് ആക്ട്പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ ഓഹരി മൂലധനം 50 ലക്ഷം രൂപയാണ്. പ്രസ്തുത കോർപ്പറേഷന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും ഉൾപ്പെടെ ഏഴ് അംഗങ്ങളുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിമുക്ത ഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, അവർക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.

(സി) &(ഡി) ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് പരിശോധനയിലാണ്.

(ഇ) രണ്ടാം ലോകമഹായുദ്ധ സേനാനികൾക്ക് പെൻഷൻ ആനുകൂല്യം നൽകിവരുന്നുണ്ട്. ഇവർക്ക് പെൻഷൻ വാങ്ങുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി 1-6-2003 മുതൽ ഈ പെൻഷൻ ആനുകൂല്യം മണി ഓർഡർ മുഖാന്തിരം വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. വിധവകൾക്ക് ഈ ആനുകൂല്യം അനുവദിച്ചിട്ടില്ല.

## മാതൃകാ ആശുപത്രികളായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

*406. ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സർക്കാർ ആശുപത്രികളുടെ പത്ത് ശതമാനം ആശുപത്രികളെ മാതൃകാ ആശുപത്രികളാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഇവയുടെ പ്രത്യേകതകൾ എന്തെല്ലാമാണ് ;

(സി) മാതൃകാ ആശുപത്രികളാക്കി വികസിപ്പിക്കുന്നതിന് ആശുപത്രികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 5 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും 5 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളേയും 5 പ്രധാനപ്പെട്ട ആശുപത്രികളേയും മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) & (സി) ആരോഗ്യ സേവനരംഗത്ത് പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ഹലിലും താരതമ്യേന സൗകര്യങ്ങൾ കുറവുള്ളതായ പ്രദേശങ്ങൾക്കും ആദിവാസി മേഖല, തീരദേശ മേഖല എന്നിവയ്ക്കും മുൻഗണന കൊടുത്താണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്.

## അച്ചൻകോവിലാറിൽ നിന്നും ജലം മേക്കര ഡാമിലേക്ക് ഒഴുക്കാൻ ടണൽ നിർമ്മാണം

*407. ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിലാറിൽ നിന്നും ജലം അടൈവിനൈനാർ കോവിൽ പദ്ധതിയുടെ മേക്കര ഡാമിലേക്ക് ഒഴുക്കാൻ ലക്ഷ്യമിട്ട് ആരെങ്കിലും ടണൽ നിർമ്മാണം നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ടണൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അച്ചൻകോവിലാറിന്റെ ഉത്ഭവ സ്ഥലമായ മണ്ണണ്ണയിലെ കോട്ടവാസൽ തൂവൻമല തുരന്ന് ടണൽ നിർമ്മാണം തുടങ്ങിയിട്ട് എത്രകാലമായി എന്നറിയിക്കാമോ;

(ഡി) പ്രസ്തുത ടണൽ നിർമ്മാണം നിറുത്തിവയ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) ഇല്ല.

(ബി) (സി) &(ഡി) ഉദിക്കുന്നില്ല.

## ആനുകൂല്യങ്ങളൊന്നും ലഭിക്കാത്ത ജനവിഭാഗങ്ങളെ കണ്ടെത്തി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി പദ്ധതി

*408 ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.പി. രാമകൃഷ്ണൻ :
ശ്രീ. സാജുപോൾ
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിക്കുന്ന ഒരുവിധ ആനുകൂല്യങ്ങളും ഇതേവരെ ലഭിക്കാത്ത ജനവിഭാഗങ്ങളെ കണ്ടെത്തി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ദാരിദ്ര്യ-സാമൂഹ്യ പശ്ചാത്തല രംഗങ്ങളിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രാദേശിക അസന്തുലിതാവസ്ഥ കുറച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഉയർന്ന ജീവിതച്ചെലവും താഴ്ന്ന നിക്ഷേപവും കുറഞ്ഞ തൊഴിലവസരങ്ങളും എന്ന സ്ഥിതിവിശേഷത്തെ മറികടക്കാൻ സർക്കാർ എന്തെങ്കിലും പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വികസന രംഗത്ത് സർക്കാർ വരുത്തിയ നയം മാറ്റത്തിന്റെ ഫലമായി ഇന്നേവരെ കൈവരിച്ച വികസന നേട്ടങ്ങളുടെ സുസ്ഥിരമായ നിലനില്പ് ഇല്ലാതാക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) ഉദ്ദേശിക്കുന്നുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി അഗതികൾക്ക് വേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആദ്യപടിയായി കുടുംബശ്രീ സംവിധാനത്തിലൂടെ 101 ഗ്രാമ പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) സാമ്പത്തിക രംഗത്ത് സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രാദേശിക അസന്തുലിതാവസ്ഥ കുറയ്ക്കുകയെന്നത് സർക്കാരിന്റെ പ്രധാന വികസന ലക്ഷ്യങ്ങളിൽ ഒന്നാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കുള്ള സർക്കാർ വിഹിതം നിശ്ചയിക്കുന്നതിന് പിന്നോക്കാവസ്ഥ സൂചിപ്പിക്കുന്ന വിവിധ ഘടകങ്ങൾക്ക് 30 മുതൽ 35 ശതമാനംവരെ വെയിറ്റേജ് നൽകുന്നുണ്ട്. ഇതിനുപുറമെ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അവ നടപ്പാക്കുമ്പോൾ പിന്നോക്ക പ്രദേശങ്ങൾക്ക് മുൻതൂക്കം നൽകിവരുന്നു. ഉദാഹരണത്തിന് കുടിവെള്ള വിതരണം, മാലിന്യ നിവാരണം, നീർത്തട വികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികൾ.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുവേണ്ട മുതൽമുടക്ക് വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുകയും അതിൽ അംഗീകരിക്കപ്പെട്ട പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുക
2. കാർഷിക മേഖലയിലെ ഉത്പ്പാദനം ഉയർത്തുന്നതിനുവേണ്ടി 'അഗ്രി എക്സ്പോർട്ട് സോൺ' ഉൾപ്പെടെയുള്ള പദ്ധതികൾ
3. പാവപ്പെട്ടവർക്ക് തൊഴിലവസരങ്ങൽ നൽകുന്നതിനുവേണ്ടി കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തൽ.
4. വികസന പദ്ധതികൾ നടപ്പാക്കാൻ വേണ്ട ബാങ്ക് വായ്പ വർദ്ധിപ്പിക്കാൻ വേണ്ട സാഹചര്യമൊരുക്കൽ
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തദ്ദേശീയ വികസനത്തിനായി സജ്ജമാക്കൽ.

(ഡി) ഇല്ല.

## വികസന മാസാചരണം

*409. ശ്രീ. ബിനോയ് വിശ്വം:
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന മാസം ആചരിച്ചത് എന്നുമുതൽ എന്നുവരെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) വികസന മാസാചരണം കൊണ്ടുദ്ദേശിച്ച കാര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുകൊണ്ടുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;
(ഡി) വികസന മാസാചരണത്തിനുവേണ്ടി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) മേയ് മാസം 17 മുതൽ ജൂൺ 15 വരെയാണ് വികസനമാസം ആചരിച്ചത്.

(ബി) വിവിധ വകുപ്പുകൾ തുടങ്ങിവച്ചതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പുതിയ പദ്ധതികൾക്ക് തുടക്കം കുറിയ്ക്കുകയും ചെയ്യുക എന്നതായിരുന്നു വികസന മാസാചരണം കൊണ്ടുദ്ദേശിച്ചത്.

(സി) പൂർത്തിയാകാതെ കിടന്ന പല പദ്ധതിപ്രവർത്തനങ്ങളും പുനരാരംഭിക്കുവാനും പുതിയ പല പദ്ധതികൾക്ക് രൂപം നൽകുവാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

**സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി**

*410. ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി.കെ.സി. മമ്മതുകോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകരിച്ച ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) വീട്ടുകരം നൽകുന്നതുപോലെ എല്ലാ കുടുംബങ്ങൾക്കും ആരോഗ്യനികുതി ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടോ ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനു മുമ്പ് ജനപ്രതിനിധികളുടേയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും യോഗം വിളിച്ചുകൂട്ടാൻ തയ്യാറാകുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി ആരോഗ്യമേഖലയിൽ വരുത്താനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ താഴെപ്പറയുന്നവയാണ്:-

1. സംസ്ഥാന ആരോഗ്യവകുപ്പിന്റെ വിവിധ ശ്രേണിയിലുള്ള ആശുപത്രികളിൽ അവശ്യം വേണ്ട ഏറ്റവും കുറഞ്ഞ ഭൗതിക സാഹചര്യങ്ങൾ, ഉപകരണങ്ങൾ, മാനവശേഷി, പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ എന്നിവയ്ക്ക് ഒരു പൊതു മാനദണ്ഡം (സ്റ്റാൻഡാർഡ് നോംസ്) നിശ്ചയിച്ച് നടപ്പിലാക്കുക.
2. ജീവനക്കാരുടെ ഉത്തരവാദിത്വങ്ങളും ജോലിയും അവലോകനം ചെയ്ത് പുനർ നിർണ്ണയിക്കുക.
3. സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങളുടെ മൂല്യനിർണ്ണയം നടത്തുക.
4. ചികിത്സ നൽകുന്നതിനും റഫർ ചെയ്യുന്നതിനുമുള്ള പ്രൊട്ടക്കോൾ തയ്യാറാക്കി നൽകുക.
5. നിലവിലുള്ള 'ഡ്രഗ് ഫോർമുലറി' പരിഷ്ക്കരിക്കുക.
6. മരുന്ന് 'പ്രിസ്ക്രൈബ് ചെയ്യുന്നതിന് ഫോർമുലറി ഉണ്ടാക്കുക
7. ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടേയും സാധനങ്ങളുടേയും സ്റ്റോക്ക് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുക (ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം).
8. ഓരോ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമൂഹത്തിലുള്ളവർ വിലയിരുത്തുന്ന സംവിധാനം ഏർപ്പെടുത്തുക (സോഷ്യൽ ആഡിറ്റിംഗ്).
9. ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുകയും ഹെൽത്ത് അഡ്മിനിസ്ട്രേഷൻ കേഡർ സൃഷ്ടിക്കുകയും ചെയ്യുക.
10. സ്വയംസഹായ സംഘങ്ങളുടെ (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) സഹകരണത്തോടുകൂടി സാമൂഹ്യാരോഗ്യം ലക്ഷ്യമാക്കിയുള്ള ഇടപെടലുകൾ നടത്തുക
11. പൗരാവകാശ രേഖാസമ്പ്രദായം നടപ്പിലാക്കുക
12. ശാരീരികവും മാനസികവുമായി വൈകല്യമുള്ളവരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുക

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**പോലീസ് വകുപ്പിലെ അഴിമതിയും പക്ഷപാതപരമായ നടപടികളും ഇല്ലാതാക്കാൻ നടപടി**

*411. ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെന്റിൽ ജനങ്ങളുമായി ഏറ്റവും കൂടുതൽ ഇടപഴകുന്ന താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാർക്കിടയിലെ അഴിമതിയും പക്ഷപാതപരമായ നടപടികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പോലീസിന്റെ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥന്മാരുടെ അഴിമതി ഇല്ലാതാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളെക്കുറിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) താഴെക്കിടയിലുള്ള പോലീസ് ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതിയും, കൈക്കൂലിയും തടയാൻ ഈ സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ജനങ്ങളുമായിട്ട് നേരിട്ട് സമ്പർക്കം പുലർത്തുന്ന പോലീസ് കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ തുടങ്ങിയവരെ ഒരു സ്ഥലത്ത് രണ്ടര വർഷം തികയുന്ന മുറയ്ക്ക് നിർബന്ധമായും സ്ഥലംമാറ്റി പുതിയ സ്ഥലങ്ങളിലേക്ക് നിയമിക്കുന്നുണ്ട്. സ്വന്തം സ്ഥലത്തും, ഭാര്യയുടെ സ്ഥലത്തും, മറ്റ് സ്ഥാപിത താൽപ്പര്യമുള്ള സ്ഥലത്തും പോസ്റ്റ് ചെയ്യാതിരിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (എക്സിക്യൂട്ടീവ് ഡയറക്ടീവ് 2/02 തീയതി 30-3-2002 ആയി ഉത്തരവിറക്കിയിട്ടുണ്ട്).

പോലീസ് ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുന്നുണ്ട്. കൈക്കൂലിക്കെതിരെ പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ബോർഡുകൾ പ്രദർശിപ്പിച്ച് പൊതുജനങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കി വരുന്നു. പരാതി ഉണ്ടായാൽ പരാതി വിളിച്ചറിയിക്കുന്നതിന് വിജിലൻസ് ഉദ്യോഗസ്ഥരുടെ ടെലിഫോൺ നമ്പർ സഹിതമാണ് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ളത്.

പോലീസ് ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, പോലീസ് സൂപ്രണ്ട് എന്നിവർ സമയാസമയങ്ങളിൽ പോലീസ് സ്റ്റേഷൻ പരിശോധന നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിശോധന സമയത്ത് സഭകൾ വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ദുർബല വിഭാഗങ്ങൾ താമസിക്കുന്ന പ്രധാന സ്ഥലങ്ങളിൽ ജനസമ്പർക്ക പരിപാടികൾ നടത്തിവരുന്നു.

അഴിമതിയും, കൈക്കൂലിയും കുറയ്ക്കുന്നതിന്റെ ഭാഗമായി താഴേക്കിടയിലുള്ള പോലീസുദ്യോഗസ്ഥന്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾ അതീവ ശ്രദ്ധയോടെ നടപ്പാക്കി വരുന്നുണ്ട്.

അഴിമതിയും കൈക്കൂലിയും ആരോപിച്ചുകൊണ്ടുള്ള പരാതികൾ ലഭിച്ചാൽ അവയിൽ വകുപ്പുതല അന്വേഷണങ്ങളും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മുഖേനയുള്ള അന്വേഷണവും നടത്തി തുടർനടപടികളും സ്വീകരിച്ചുവരുന്നു.

സർക്കാർ ഉത്തരവ് (പി) 3497/വിജിലൻസ് തീയതി 11-6-97 അനുസരിച്ച് വകുപ്പു തലത്തിലുള്ള അഴിമതി ആരോപണങ്ങൾ വേണ്ടത്ര സൂക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഓരോ വകുപ്പിലുമുള്ള ഉയർന്ന ഉദ്യോഗസ്ഥനെ ആ വകുപ്പിലെ വിജിലൻസ് ഓഫീസറായും വിജിലൻസ് ചുമതലക്കാരനായും നിയമിക്കാൻ ഉത്തരവായിട്ടുണ്ട്. പോലീസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഐ.ജി.പി. (എച്ച്..ക്യൂ) വിനെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്.

അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് പ്രാപ്തരാക്കുന്ന രീതിയിൽ വിജിലൻസ് ഉദ്യോഗസ്ഥർക്ക് ഐ.എം.ജി.യുമായി ചേർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശീലനം നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം സർക്കാർ ഉദ്യോഗസ്ഥരുടേയും അവിഹിത സ്വത്തു സമ്പാദനത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താറുണ്ട്. കൂടാതെ വകുപ്പുതല അന്വേഷണങ്ങളും മറ്റു നടപടികളും നടത്തിവരുന്നുണ്ട്.

**<u>അഗതികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും പദ്ധതികൾ</u>**

*412. ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ അശരണരും, നിരാലംബരുമായ അഗതികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പിലാക്കുമെന്നും, ഏത് ഏജൻസിയുടെ കീഴിലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി)  ഇതിനുവേണ്ടി എന്തു തുക വേണ്ടിവരുമെന്നും, ഏതു സ്കീമിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ)  തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി കുടുംബശ്രീയിലൂടെ 'ആശ്രയ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി)  സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ അഥവാ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 101 ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി 2002-03-ൽ ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധം 'ഒന്ന്' ആയി ചേർത്തിരിക്കുന്നു.

(സി)  ഇതിനായി തയ്യാറാക്കിയ പ്രോജക്ടുകളുടെ അടങ്കൽ തുക 4126.30 ലക്ഷം രൂപയാണ്. കുടുംബശ്രീ നടപ്പിലാക്കുന്ന 'ആശ്രയ' പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്.

**അന്നയോജന-അന്ത്യയോജന പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങൾ**

*413. ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. വി.ഡി. സതീശൻ :
പ്രൊഫസർ എ.ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് അന്നയോജന-അന്ത്യയോജന പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ് ;

(സി)  ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ സുതാര്യത നിലനിർത്തിയിരുന്നുവോ, എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ ;

(ഡി) ഈ പദ്ധതികൾ അനുസരിച്ച് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി):**

(എ) 271575 കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി)& (സി)  ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽത്തന്നെ ഏറ്റവും ദരിദ്രരായ കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്.  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡുസഭകളാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിനേയും അതു സംബന്ധിച്ച നടപടിക്രമങ്ങളേയും പറ്റി പൊതുജനങ്ങൾക്ക് മതിയായ അറിവ് ലഭിക്കത്തക്ക രീതിയിൽ, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ വ്യാപകമായ പ്രചാരണം നടത്തിയശേഷമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.  കൂടാതെ, ഗുണഭോക്താക്കളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് വാർഡ്/തലത്തിൽ പ്രദർശിപ്പിച്ച് ആക്ഷേപങ്ങൾ വല്ലതും ഉണ്ടോയെന്ന് പരിശോധിച്ചതിനു ശേഷമാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. ഇതിനുപുറമെ ഗുണഭോക്താക്കളുടെ ലിസ്റ്റ് റേഷൻകടകളിൽ പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.  അതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ വേണ്ടത്ര സുതാര്യത നിലനിർത്തിയിട്ടുണ്ട്.

(ഡി) ഗുണഭോക്തൃ കുടുംബങ്ങൾക്ക് പ്രതിമാസം 35 കി.ഗ്രാം അരി കി.ഗ്രാമിന് 3 രൂപ വിലയ്ക്ക് റേഷൻ ഷോപ്പുകൾ വഴി ലഭിക്കുന്നു.

**ആശുപത്രികളിൽ അത്യാധുനിക ചികിത്സാ സംവിധാനത്തിനുള്ള കർമ്മ പദ്ധതി**

414. ശ്രീ. കെ.സി. വേണുഗോപാൽ
ശ്രീ കെ. മുഹമ്മദാലി
ശ്രീ ഡൊമിനിക് പ്രസന്റേഷൻ
ശ്രീ വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ കൂടുതലായ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽപ്പെടുന്ന ഏതെല്ലാം ആശുപത്രികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തേണ്ടത് എന്നത് സംബന്ധിച്ച് ഒരു കർമ്മ പദ്ധതിയ്ക്ക് രൂപം നൽകാനുദ്ദേശമുണ്ടോ;

(സി) സ്വകാര്യ സ്ഥാപനങ്ങളിലെ താങ്ങാൻ പറ്റാത്ത ഫീസുമൂലം കഷ്ടപ്പെടുന്ന രോഗികളുടെ രക്ഷയ്ക്കായി അത്യാധുനിക ചികിത്സോപാധികൾ ഇത്തരത്തിലുള്ള ആശുപത്രികളിൽ സജ്ജീകരിക്കുവാൻ നടപടിയെടുക്കുമോ?

**ഉത്തരം**

**ശ്രീ.പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) സർക്കാർ മെഡിക്കൽകോളേജുകളിലും ജില്ലാ ആശുപത്രികളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എല്ലാവർഷവും കൂടുതൽ അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്.

(ബി) യും (സി) യും ഓരോ വർഷവും ബജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി ഒരു കർമ്മ പദ്ധതിയ്ക്ക് അതാതുവർഷം രൂപം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. മെഡിക്കൽകോളേജുകളിലേക്ക് ആവശ്യമായ ആധുനിക ചികിത്സോപകരണങ്ങൾ വാങ്ങുന്നതിനായി 2003-04 വർഷത്തിൽ 2.7 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ജില്ലാതാലൂക്ക് ജനറൽ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി എന്നീ വിഭാഗങ്ങൾ തുടങ്ങാനും ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി കേഡർ എന്നിവ ആരംഭിക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് താഴെത്തട്ടിലുള്ള ആശുപത്രികളുമായി ടെലിമെഡിസിൻ സംവിധാനത്തിലൂടെ ബന്ധപ്പെടുത്തി വിദഗ്ദ്ധ ചികിത്സ വിദൂരസ്ഥലങ്ങളിലും എത്തിക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നു ഇതിന് രണ്ടര കോടി രൂപ ചെലവു വരും ഇവയെല്ലാം സാധാരണക്കാരും പാവപ്പെട്ടവരുമായ രോഗികളുടെ രക്ഷകൂടി കണക്കിലെടുത്തുകൊണ്ടുള്ള നടപടികളാണ്.

## സ്വജൽധാരാ പദ്ധതി നടപ്പിലാക്കാൻ അപേക്ഷിച്ച ഗ്രാമപഞ്ചായത്തുകൾ

415. ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വജൽധാരാ പദ്ധതി നടപ്പിലാക്കുവാൻ എത്ര ഗ്രാമപഞ്ചായത്തുകൾ അപേക്ഷ നൽകിയിട്ടുണ്ട്;

(ബി) ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്നും പിരിവെടുത്ത് അടയ്ക്കണമെന്ന സർക്കാർ തീരുമാനം നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ പല പഞ്ചായത്തുകളും ഈ പദ്ധതിയിൽ നിന്നും പിൻമാറിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(സി) ഗുണഭോക്തൃ വിഹിതം തനത് ഫണ്ടിൽ നിന്നും അടയ്ക്കുവാൻ വേണ്ട നിർദ്ദേശം നൽകാമോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)**

(എ) സ്വജൽധാരാ പദ്ധതി നടപ്പിലാക്കുന്നത് ജലവിഭവ വകുപ്പാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ 148 ബ്ളോക്ക് പഞ്ചായത്തുകളും ജലവിഭവവകുപ്പിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആകെ 554 പ്രൊഫ്പോസലുകൾ ഇവയിൽ നിന്നും ലഭിച്ചിക്കുണ്ട്.

(ബി) ഇല്ല.

(സി) സ്വജൽധാരാ കുടിവെള്ള പദ്ധതി കേന്ദ്ര സർക്കാരാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സ്വജൽധാരാ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## ഔഷധ സസ്യ ബോർഡിന്റെ പ്രവർത്തനം

416. ശ്രീ. എ.ഇൻ. രാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔഷധ സസ്യബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് രൂപീകരിച്ചത്;

(ബി) ഈ ബോർഡ് മുഖാന്തിരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്താമക്കുമോ ?

**ഉത്തരം**

**ശ്രീ.പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) 20-03-2002 ലെ സ.ഉ. (എം.എസ്)70/02/ ആകുവ ഉത്തരവ് പ്രകാരമാണ് ഔഷധ സസ്യബോർഡ് രൂപീകരിച്ചിട്ടുള്ളത്.

(ബി) പ്രധാനമായും ഔഷധകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളാണ് എടുത്തുവരുന്നത്. ഇതിനറേ ഭാഗമായി ഔഷധ സസ്യകൃഷി നടത്തുന്നതിന്റെ ആവശ്യകതെയെപ്പറ്റിയുള്ള ബോധവത്ക്കരണം ഔഷധ സസ്യ സംരക്ഷണം സംബന്ധിച്ച പ്രചരണം എന്നിവ നടത്തിവരുന്നു. സംറ്റേറ്റ് മെഡിസിനൽ പ്ളാന്റ് ബോർഡ് പരിഗണിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ മരുന്ന് ഉത്പാദകർ, ഔഷധ സസ്യ കൃഷി,ക്ക്കാർ, ഔഷധ സസ്യങ്ങൾ വിപണനം നടത്തുന്നവർ എന്നിവരെക്കുറിച്ചുള്ള വിവരം ശേഖരിക്കുകയും ഔഷധ സസ്യകൃഷിക്ക് ആവ
ശ്യമായ ആസൂത്രണം നടത്തുന്നതിനുവേണ്ട ഡാറ്റാ ബാങ്ക് തയ്യാറാക്കാനും സ്റ്റേറ്റ് മെഡിസിനൽ പ്ളാന്റ് ോർഡ് നടപടി എടുത്തുവരുന്നു.

## ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ പുതിയ പദ്ധതികൾ

417;ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ തോമസ് ചാഴികാടൻ
ശ്രീ കെ.നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടൊ;

(ബി) ഇതിനായി എല്ലാവകുപ്പിലേയും ജീവനക്കാർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടൊ;

(ബി) ഇതിനായി എല്ലാ വകുപ്പിലെയും ജീവനക്കാർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സീനിയോറിറ്റിക്ക് പകരം കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടൊ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി)**

(എ) യും (ബി) യും : സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും അഞ്ചുവർഷത്തിലൊരിക്കലെങ്കിലും മാനേജ്മെന്റ് പരിശീലനം ലഭിക്കത്തക്ക വിധത്തിലാണ് ഐ.എം.ജി യും മറ്റ് പരിശീലന സ്ഥാപനങ്ങളും ട്രെയിനിംഗ് കോഴ്സുകൾ രൂപവത്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് പരിശീലന പരിപാടികൾ നടന്നു വരുന്നു. ഇപ്പോൾ എല്ലാ ജീവനക്കാർക്കും നൽകി വരുന്ന ഇ-വെർണൺസിനെ ആധാരമാക്കിയുള്ള പരിശീലന പരിപാടി സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവെണ്ടി നടത്തപ്പെടുന്ന ഒരു അടിയന്തിര സംരംഭമാണ്.

(സി) യും (ഡി) യും: ഇതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

## ഗവൺമെന്റ് ആശുപത്രികളിൽ ലഭിക്കുന്ന സേവനം

418. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
ശ്രീ ജോർജ് ജെ.മാത്യു
ശ്രീമതി രാധാ രാഘവൻ
ശ്രീ കെ.എ. ചന്ദ്രൻ
ശ്രീ എം.എ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾ ആരോഗ്യ രക്ഷയ്ക്കും ചികിത്സയ്ക്കും വേണ്ടി പ്രതിവർഷം എന്തുതുക ചെലവഴിക്കുന്നതായി കണക്കാക്കപ്പെടുന്നു;

(ബി) ഇതിൽ സ്വകാര്യ ആശുപത്രികൾക്ക് ലഭിക്കുന്ന വിഹിതം എത്ര;

(സി) ഗവൺമെന്റ് ആശുപത്രികളിലെ സ്പെഷ്യാലിറ്റി വിഭാഗങ്ങളെ ആശ്രയിക്കാതെ ഗുരുതരമായി രോഗം ബാധിച്ചവർ സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളെ ആശ്രയിക്കുന്നതെന്തുകൊണ്ടാണ്;

(ഡി) ഗവൺമെന്റാശുപത്രികളിൽ കൂടുതൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളും മെച്ചപ്പെട്ട സേവനവും ഏർപ്പെടുത്താൻ നടപടിയെടുക്കുമോ?

**ഉത്തരം**

**ശ്രീ.പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) യും (ബി) യും വിശദമായ പഠനത്തിലൂടെ മാത്രമേ ഇത് സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ സാധിക്കുകയുള്ളു. ആരോഗ്യവകുപ്പ് ഇത്തരം ഒരു പഠനം ഇതുവരെ നടത്തിയിട്ടില്ല.

(സി) സർക്കാർ ആശുപത്രികളിലെ സ്പെഷ്യാലിറ്റി വിഭാഗങ്ങളെയാണ് ഗുരുതരമായി രോഗം ബാധിച്ചവർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത്. മറിച്ചുള്ള ധാരണ ശരിയല്ല.

(ഡി) സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിൽ എല്ലാവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഇപ്പോൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ 96 ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗം ഏർപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യാലിറ്റി വിഭാഗം ഇല്ലാത്ത ആശുപത്രികളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആയത് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## ഭരണനവീകരണ പരിപാടിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ വരുത്തുന്ന പരിഷ്ക്കാരങ്ങൾ

419. ശ്രീ. കെ.പി. സതീശ്ചന്ദ്രൻ
ശ്രീ എം.വി. ജയരാജൻ
ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ
ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ നടപടിക്രമങ്ങളിലും പോലീസ് സേനയിലും എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസുകാരുടെ ജോലിഭാരം കുറയ്ക്കുന്നതിന് എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന ചുമതലയുടെ ഭാഗമല്ലാത്ത പരാതികൾ കൈകാര്യം ചെയ്യുന്നതിന് പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി)**

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സേവന വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഏതെല്ലാം വകുപ്പുകളെയാണ് ഉൾപ്പെടുത്തേണ്ടത് എന്ന കാര്യത്തില അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) ഉത്തരം □എ□യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.
(സി) ഉത്തരം □എ□യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.
(ഡി) ഉത്തരം □എ□യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

## പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ് ഏർപ്പെടുത്താൻ നടപടി

420. ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാരമ്പര്യ വൈദ്യൻമാർ ചികിത്സ നടത്തുന്നതിനും ഔഷധ നിർമ്മാണത്തിനും ഔഷധ വിപണനത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാരമ്പര്യ വൈദ്യൻമാർക്ക് പ്രാക്ടീസ് നടത്തുന്നതിനും ഔഷധ നിർമ്മാണ വിപണനം പനടത്തുന്നതിനും ലൈസൻസ് ഏർപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ.പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) അംഗീകൃത യോഗ്യതയില്ലാത്തവർക്ക് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യപ്പെടാൻ നിയമത്തിൽ വ്യവസ്ഥയില്ല എന്നാൽ പാരമ്പര്യ വൈദ്യൻമാർ അനവധികാലമായി പ്രാക്ടീസ് ചെയ്യുന്നവരാണെന്നും അവർ ഗുരുകുല സമ്പ്രദായത്തിലൂടെ ആർജ്ജിച്ച വിജ്ഞാനം സമൂഹത്തിന് ലഭിക്കണമെന്ന ഉദ്ദേശം മുൻനിർത്തിയും പ്രസ്തുത വകുപ്പുകൾ ഉൾപ്പെടുത്തിക്കൊണ്ട് മെഡിക്കൽ പ്രാക്ടിഷ്ണേഴ്സ് നിയമം ഭേദഗതി ചെയ്യുന്നതിന് ഭാരത സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരിക്കുകയാണ്.

പാരമ്പര്യ/ സിദ്ധവൈദ്യത്തലെ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ലൈസൻസ് ആവശ്യമില്ല. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെയും റൂൾസിലേയും വ്യവസ്ഥകൾ അനുസരിച്ച് അത്തരം മരുന്നുകൾ വില്പന നടത്തുന്നതിനോ വിതരണം നടത്തുന്നതിനോ ലൈസൻസിന്റെ ആവശ്യമില്ല. ിില്പനയ്ക്കായി നിർമ്മിക്കുന്നതിനു ൊത്രമേ ലൈസൻസിന്റെ ആവശ്യമുള്ളു.

## റോഡുകൾ റബ്ബറൈസ് ചെയ്യാൻ നടപടി

421. ശ്രീ. വി. ബാലറാം
ശ്രീ ഡി.സുഗതൻ
ശ്രീ തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ ഇ.എം അഗസ്തി

ശ്രീ എൻ.ഡി അപ്പച്ചൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ റോഡുകൾ റബ്ബറൈസ് ചെയ്യുന്നതിനുദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വർഷം എത്ര കിലോമീറ്റർ റോഡാണ് റബ്ബറൈസ് ചെയ്യുന്നത്;

(സി) ഇതിനുള്ള ചെലവ് അഅരു വഹിക്കും എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി തുടർന്നുകൊണ്ടുപോകുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി)**

(എ) ഉദ്ദേശമുണ്ട്.

(ബി) 2001-2002 വർഷം പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന പദ്ധതിയനുസരിച്ച് കേന്ദ്രാനുമതി ലഭിച്ച 37 ്ബളോക്കുകളിലെ 184 ഗ്രാമീണ റോഡുകളുടെ ഉപരിതലം സ്വാഭാവിക ബ്ബർ കൂട്ടിച്ചേർത്ത ബിറ്റുമെൻ ഉപയോഗിച്ച് നിർമ്മിക്കുന്ന നടപടികൾ പൂരത്തിയായി വരുന്നു. ഇത്തരം റോഡുകൾക്ക് മൊത്തം 287 കിലോമീറ്റർ ദൈർഘ്യമാണുള്ളത്.

(സി) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന പദ്ധതിയുടെ മുഴുവൻ നിർമ്മാണ ചെലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ബിറ്റുമെനിൽ റബർ അധികമായി ചേർക്കുന്നതിനറേ ചെലവ് റബ്ബർ ബോർഡ് വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ട്.

## ആശുപത്രികളും പരിസരങ്ങളും മാലിന്യ വിമുക്തമാക്കുവാൻ നടപടി

422. ശ്രീ.പിരപ്പൻകോട് മുരളി
ശ്രീ കെ. രാധാകൃഷ്ണൻ
ശ്രീ മത്തായി ചാക്കോ

ശ്രീ ടി.കെ. ദേവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റും മാലിന്യം കുന്നുകൂടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മാലിന്യം നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) എന്നു മുതൽ ഈ മാലിന്യം നീക്കം ചെയ്തു തുടങ്ങുമെന്ന് തീരുമാനിച്ചിരുന്നോ;

(ഡി) എങ്കിൽ തീരുമാനപ്രകാരം മാലിന്യം നീക്കം ചെയ്തു തുടങ്ങയോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണ്ങ്ങൾ പറയാമോ;

(എഫ്) എത്രയും വേഗം ആശുപത്രികളും പരിസരങ്ങളും മാലന്യ വിമുക്തമാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യും (സി) യും: മെഡിക്കൽ കോളേജ് അഅശുപത്രികളിലെ മാലിന്യം സ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മാലിന്യങ്ങൾക്കുള്ളിൽ ഖരമാലിന്യങ്ങള ബയോമെഡിക്കൽ വേസ്റ്റായും മറ്റു മാലിന്യങ്ങളായും വേരതിരിച്ച് സംസ്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബയോ മെഡിക്കൽ വേസ്റ്റ് ഇൻസിനറേറ്റർ ഉപയോഗിച്ച്

കത്തിച്ചുകളയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് മെഡിക്കൽകോളേജിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ സംവിധാനം നിലവിലുണ്ട്. കൂടാതെ കരാറടിസ്ഥാനത്തിലും മാലിന്യങ്ങൾ നിരമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) യും (ഇ) യും : ഇപ്പോൾതന്നെ മിക്കവാറും ആശുപത്രികളിൽ മാലിന്യങ്ങൾ സംസ്ക്കരിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി

423. ശ്രീ. സാജു പോൾ
ശ്രീ .പി. ജയരാജൻ
ശ്രീ വി.കെ.സി. മമ്മത് കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകും വിധം നികുതി പുനർ നിർണ്ണയം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;
(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;
(സി) ഇതിനായി സംസ്ഥാന ധനകാര്യ കമ്മീഷൻ നൽകിയ ശുപാർശകൾ എന്തൊക്കെയാണ്;
(ഡി) ധനകാര്യ കമ്മീഷന്റെ രണ്ടാം ശുപാർശ എന്നാണ് സർക്കാരിന് ലഭിച്ചത്;
(ഇ0)പ്രസ്തുത ശുപാർശയിൻമേൽ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടൊ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;
(എഫ്) സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)**

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനുതകും വിധം വസ്തു നികുതി പരിഷ്ക്കരണം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു

(ബി) കെട്ടിടം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, റോഡിന്റെ സാമിപ്യം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, പഴക്കം, മേൽക്കൂരയുടെ സ്വഭാവം, തറയുടെ നിർമ്മാണത്തിനുപയോഗിച്ചിട്ടുള്ള വസ്തുക്കളുടെ ഗുണനിലവാരം എന്നിവ അടിസ്താനമാക്കി വസ്തു നികുതി പരിഷ്ക്കരിക്കാനാണ് നടപടി സ്വീകരിച്ചുവരുന്നത്;

(സി) ഒന്നാം സംസ്താന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ 08-01-2001 ന് ലഭിച്ചു.

(ഇ) & (എഫ്) രണ്ടാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

## ഗവൺമെന്റ് ആശുപത്രികളിലെ രോഗികൾക്ക് ആവശ്യമായ ഭക്ഷണം വിതരണം ചെയ്യാൻ നടപടി

424. ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ എ.കെ. ബാലൻ
ശ്രീ.പിരപ്പൻകോട് മുരളി
ശ്രീമതി. പി.കെ .ശ്രീമതി ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ആവശ്യമായ ഭക്ഷണം വിതരണം നടത്തുന്നുണ്ടൊ;

(ബി) ആവശ്യമായ ഭക്ഷണം വിതരണം നടത്താത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു രോഗിക്ക് ശരാശരി ആവശ്യമായ കലോറി ഭക്ഷണം എത്രയാണ്; ഇപപോൾ എത്ര കലോറി ഭക്ഷണമാണ് രോഗികൾക്ക് കൊടുക്കുന്നത്; ഇവ ഏതെല്ലാം സമയത്താണ്;

(ഡി) ഇപ്പോൾ സൗജന്യമായി രോഗികൾക്ക് മതിയാകുംവിധം ഭക്ഷണം വിതരണം നടത്തുന്ന ഏതെല്ലാം താലൂക്ക് ജില്ലാ ആശുപത്രികൾ കേരളത്തിലുണ്ട്;

(ഇ) ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ ഭക്ഷണം കൊടുക്കുമെന്ന് ഉറപ്പുവരുത്താമോ ?

**ഉത്തരം**

**ശ്രീ.പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാധാരണ പ്രവർത്തിയിൽ ഏർപ്പെടുന്ന ഒരു പുരുഷന് 2800 കിലോ കലോറിയു സ്ത്രീക്ക് 2200 കിലോ കലോറിയും അടങ്ങിയ ഭക്ഷണമാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ഒരു രോഗിക്ക് ഇതിലും കുറച്ച് കലോറിയുള്ള ഭക്ഷണം മതിയാവും. 1600 കിലോ കലോറിയുള്ള ഭക്ഷണമാണ് ഇപ്പോൾ സാധാരണ ആശുപത്രികളിൽ നൽകിവരുന്നത്. ദിവസവും 11 മണിക്കാണ് ഇത് നൽകുന്നത്. എന്നാൽ സ്പെഷ്യൽ ഡയറ്റ് ഉള്ള ആശുപത്രികളിൽ (മാനസികരോഗാശുപത്രി) രാവിലെ 6 മണി, 7.30,9.30,10.30 എന്നീ സമയങ്ങളിലും ഉച്ചയ്ക്ക് 1 മണി, വൈകുന്നേരം 3.30, 6 മണി എന്നീ സമയങ്ങളിലും ഭക്ഷണം നൽകിവരുന്നുണ്ട്.

(ഡി) കേരളത്തിലെ താലൂക്ക് ജില്ലാ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന താഴ്ന്ന വരുമാനമുള്ള രോഗികൾക്ക് റൊട്ടി, മുട്ട, പാൽ ബിസ്ക്കറ്റ് എന്നിവ ഉൾപ്പെടുന്ന ഭക്ഷണം നൽകിവരുന്നുണ്ട്.

(ഇ) താഴ്ന്നവരുമാനക്കാരായ രോഗികൾക്ക് നൽകിവരുന്ന ഭക്ഷണം തുടർന്നും നൽകുന്നതാണ്.

**ശാസ്ത്ര സ്ഥാപനങ്ങൾക്ക് ധനസഹായം നേടിയെടുക്കുന്നതിന് നിലവിലുള്ള സംവിധാനം**

425 ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ വിവിധ ശാസ്ത്ര സ്ഥാപനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിനും വിവിധ ഏജൻസികളിൽനിന്ന് ധനസഹായം നേടിയെടുക്കുന്നതിനും ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ അപര്യാപ്തമാണെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി ശാസ്ത്ര ഗവേഷണ കൺസൽട്ടന്റുമാരുടെ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇല്ലെങ്കിൽ കൺസോർഷ്യം രൂപീകരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യമന്ത്രി ) :**

(എ) കേരളത്തിലെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ ഏഴു ഗവേഷണ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഭൗമശാസ്ത്ര പഠനകേന്ദ്രം ആക്കുളം, അനർട്ട് തിരുവനന്തപുരം, ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പാലോട്, തിരുവനന്തപുരം, കേരള വന ഗവേഷണകേന്ദ്രം, പീച്ചി, തൃശൂർ, നാഷണൽ ട്രാൻസ്പോർട്ടേഷൻ ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്) തിരുവനന്തപുരം, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി , തിരുവനന്തപുരം , സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെൻറ് ആന്റ് മാനേജ്മെന്റ് ,കോഴിക്കോട്, എന്നിവയാണ്. മേൽ പറഞ്ഞ സ്ഥാപനങ്ങലിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും വിവിധ ഏജൻസികളിൽ നിന്നും ധനസഹായം നേടിയെടുക്കുന്നതിനും ശാസ്ത്രജ്ഞന്മാർ ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കി അതാത് സ്ഥാപനങ്ങളിലെ ഗവേഷണ സമിതിയിൽ അവതരിപ്പിക്കുകയും ഈ സമിതിയുടെ അംഗീകാരത്തിന് വിധേയമായി ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. ഓരോ ഗവേഷണ സ്ഥാപനത്തിന്റേയും പദ്ധതികൾ തയ്യാറാക്കുന്നതു സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റേയും സർവകലാശാലകളുടേയും കീഴിലും അനേകം സ്ഥാപനങ്ങളുണ്ട് ഇവിടെയും ശാസ്ത്രജ്ഞർ അതാത് സ്ഥാപനങ്ങളുടെ സംവിധാനങ്ങൾക്ക് വിധേയമായി ഗവേഷണ പ്രൊപ്പോസലുകൾ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നുണ്ട്..

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കൺസോർഷ്യം രൂപീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ ആയിട്ടില്ല. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ മേൽനോട്ടം

വഹിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങളുടെ ദിശയും വ്യാപ്തിയും നിർണ്ണയിക്കുവാനുമായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഗവേഷണ സമിതി രൂപീകരിച്ചിട്ടുണ്ട്.

**ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം**

426 ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മുട്ടി :
ശ്രീ.പി.കെ.കെ.ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ബി) ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ കുടുംബം എന്നതിന്റെ പരിധിയിൽ വരുന്ന അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ബി.പി.എൽ ലിസ്റ്റിൽപ്പെട്ട കുടുംബാംഗങ്ങൾ വെവ്വേറെ വീട്ടിലേക്ക് താമസം മാറ്റിയാൽ രണ്ട് കുടുംബങ്ങളേയും ബി.പി.എൽ ന്റെ പരിധിയിൽപെടുത്തുമോ എന്നറിയിക്കുമോ ;

(ഡി) ഇല്ലെങ്കിൽ എങ്ങനെയാണ് ഇവരെ പരിഗണിക്കുന്നത് ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡിൽ ക്രമീകരണം നടത്താൻ വേണ്ട നിർദ്ദേശം നൽകുമോ ?

**ഉത്തരം**

**ശ്രീ.സി.എഫ്.തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി )**

(എ) ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നത് ദാരിദ്ര്യ രേഖാ സെൻസസിലൂടെയാണ്. പത്താം പദ്ധതിക്കായുളല ദാരിദ്ര്യ രേഖാ സെൻസസ് നടത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച സെൻസസ് നടന്നുവരുന്നു. കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിന് രണ്ടു ഭാഗങ്ങളുണ്ട് . ഭാഗം (എ) യിൽ കുടുംബത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഭാഗം (ബി) ദാരിദ്ര്യ നിർണ്ണയത്തിനുള്ള വിവരങ്ങൾ ഇതിനായി ശേഖരിക്കാനുള്ളതാണ് . ഇതിനായി ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നല്കിയിട്ടുണ്ട്. ഓരോ സൂചകത്തിൻമേലും 0,1,2,3,4, എന്നിങ്ഹനെ 5 സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിചച്ച ഓരോ സൂചകത്തിൻമേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റേയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യ രേഖാ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ടയാളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കുപോക്ക് അനുസരിച്ചുള്ള കണക്കോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് വേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിയ്ക്കുന്ന സ്കോർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ബി) ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ കുടുംബം എന്നതിന്റെ പരിധിയിൽ വരുന്ന അംഗങ്ങൾ കുടുംബനാഥൻ, കുടുംബനാഥ, പിതാവ്, മാതാവ്, മകൻ, മകൾ. മകന്റെ ഭാര്യ, മകളുടെ മക്കൾ, എന്നിവരാണ്.

(സി) & (ഡി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടന്നുവരുന്നതേയുള്ളു. ബ.പി.എൽ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി കഴിഞ്ഞാൽ ഇതിൽ കൂടുതൽ കുടുംബങ്ങളെ കൂട്ടിച്ചേർക്കാൻ പാടില്ലെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സെൻസസ് പ്രകാരം തയ്യാറാക്കുന്ന ബി.പി.എൽ ലിസ്റ്റിൽപ്പെട്ട കുടുംബാംഗങ്ങൾ വെവ്വേറെ വീടുകളിലേക്ക് താമസം മാറ്റിയാൽ രണ്ട് കുടുംബങ്ങളേയും ബി.പി.എൽ ആയി പരിഗണിക്കാമോ എന്ന കാര്യത്തിന്മേൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും വിശദീകരണം തേടുന്നതാണ്.

(ഇ) ഗ്രാമവികന വകുപ്പ് തയ്യാറാക്കുന്ന ബി.പി.എൽ ലിസ്റ്റിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ബി.പി.എൽ റേഷൻ കാർഡ് ഇപ്പോൾ നൽകുന്നില്ല. ആയതിനാൽ ഇക്കാര്യം ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പാണ് പരിശോധിക്കേണ്ടത്.

**ആരോഗ്യ ഫണ്ട് രൂപീകരിക്കാൻ നടപടി**

427. ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ.തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ ഗവണ്മെന്റ് ഉദ്ദേശിക്കുന്ന മെച്ചപ്പെട്ട സേവനം രോഗികൾക്ക് നൽകാൻ കഴിയുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ആശുപത്രികളുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിന് ആരോഗ്യ ഫണ്ട് സ്വരൂപിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ?

**ഉത്തരം**

**ശ്രീ പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി ) :**

(എ) ഇല്ല. എന്നാൽ ഫണ്ടിന്റെ കുറവ് പരിഹരിക്കുന്നതിനു വേണ്ടി മുൻ വർഷത്തേക്കാൾ കൂടുതൽ തുക 2003-2004 വർഷത്തിൽ ആശുപത്രികളുടെ വികസനത്തിനും രോഗികൾക്ക് മെച്ചപപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിക്കുന്നു. പരിശോധിക്കുന്നുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) നിലവിലുള്ള സംവിധാനം കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

**വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചുകൂട്ടിയ അഖിലകക്ഷി യോഗം**

428 ശ്രീ. കൊടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി.സി.ജോർജ്ജ് :
ശ്രീ. രാജു എബ്രഹാം :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് സർക്കാർ വിളിച്ചു കൂട്ടിയ അഖില കക്ഷി യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) വികസന കാര്യങ്ങൾ സംബന്ധിച്ച് പ്രതിപക്ഷവുമായി എന്തെങ്കിലും ധാരണയുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണ് ധാരണ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ സ്വീകരിച്ചുവരുന്ന വികസന നയം സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ നയത്തിൽ മാറ്റം വരുത്താൻ തയ്യാറാകുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി ) :**

(എ), (ബി), (സി) : സംസ്ഥാനത്തിന്റെ വികസന കാര്യങ്ങളിൽ ഒരു സമവായം ഉണ്ടാക്കാനുള്ള ശ്രമങ്ങളാണ് അഖിലകക്ഷി യോഗത്തിൽ നടത്തിയത്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**പോലീസ് സേനയിൽ വർദ്ധിച്ചുവരുന്ന അഴിമതിയും കൈക്കൂലിയും തടയാൻ നടപടി**

429. ശ്രീ.പി.ജയരാജൻ :

ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ വർദ്ധിച്ചുവരുന്ന അഴിമതിയും കൈക്കൂലിയും തടയാൻ നടപടി സർക്കാർ എന്തെങ്കിലും നടപടികൾസ്വീകരിച്ചിട്ടുണ്ടോ ;

(ബി) പോലീസുദ്യോഗസ്ഥരുടെ അവിഹിത സ്വത്ത് സമ്പാദനത്തെ കുറിച്ച് അന്വേഷിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ ;

(സി) നിലവിലുളള സംവിധാനം വർദ്ധിച്ചു വരുന്ന അഴിമതിയും കൈക്കൂലിയും തടയാൻ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) പോലീസ് സേനയിൽ വ്യാപകമായ അഴിമതിയും കൈക്കൂലിയും നടക്കുന്നുണ്ടങ്കിലും അവ കണ്ടുപിടിക്കുന്നതിനും ശിക്ഷിക്കുന്നതിനും കഴിയുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) പോലീസ് സേനയിലെ അഴിമതിയും കൈക്കൂലിയും തടയാൻ സർക്കാർ പുതുതായി എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽവിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി )** :

(എ) നടപടികൾ എടുക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥന്മാരുൾപ്പെടെയുളള എല്ലാ വിഭാഗം സർക്കാർ ഉദ്യോഗസ്ഥൻമാരുടെയും അവിഹിത സ്വത്ത് സമ്പാദനത്തെക്കുറിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോക്ക് അന്വേഷണം നടത്താൻ അധികാരമുണ്ട്. കൂടാതെ വകുപ്പുതല അന്വേഷണങ്ങളും മറ്റ് നടപടികളും നടത്തി വരുന്നു.

(സി) പര്യാപ്തമാണ്.

(ഡി) പോലീസ് സേനയിൽ വ്യാപകമായ അഴിമതിയും കൈക്കൂലിയും നടക്കുന്നില്ല. എന്നാൽ ഇതു സംബന്ധിച്ച ഒറ്റപ്പെട്ട ആരോപണങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ആയതിൻമേൽ വിജിലൻസ് അന്വേഷണങ്ങളും വകുപ്പ്തല അന്വേഷണങ്ങളും നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) നിലവിലുളള സംവിധാനം പര്യാപ്തമാണ്.

**പത്താം പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിലുളള കുറവ്**

430. ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളെ ഈ കുറവ് ബാധിക്കുമെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ നടപടി കൈക്കൊളളുമോ ;

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുളള ( തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി )** :

(എ) പത്താം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ ഒന്നാം വർഷം (2002-2003) പദ്ധതി വിഹിതത്തിന്റെ മൂന്നു ഗഡുക്കൾ മാത്രമേ വിതരണം ചെയ്തിട്ടുളളു.

(ബി) ഇല്ല.

(സി) & (ഡി) ഉദിക്കുന്നില്ല.

## തരിശുഭൂമി വികസനത്തിന് കേന്ദ്ര ഗവണ്മെന്റിൽ നിന്നും ലഭിച്ച ധനസഹായം

431 ശ്രീ. വർക്കല കഹാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഗ്രാമവികസനത്തിന്റെ ഭാഗമായി തരിശുഭൂമി വികസനത്തിന് കേന്ദ്ര ഗവണ്മെന്റിൽനിന്ന് എന്തു തുക കിട്ടിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ തുക ഉപയോഗിച്ച് എത്ര ഹെക്ടർ തരിശുഭൂമി വികസിപ്പിച്ചു ;

(സി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം നടത്തിയതെന്ന് വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ.സി.എഫ്.തോമസ്** (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി )

(എ) 140.01 രൂപ.

(ബി) 3136 ഹെക്ടർ

(സി) നീർത്തട വികസനം, മണ്ണു സംരക്ഷണം, നവ്സറികൾ , സാമൂഹിക വനവല്ക്കരണം, നീരൊഴുക്ക് സംവിധാനങ്ങൾ ജലസംരക്ഷണം തുടങ്ങിയവ ചെയ്തിട്ടുണ്ട്.

## എക്സ് സർവീസ്മെൻസ് കോർപ്പറേഷൻ രൂപീകരണം

432 ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമുക്ത ഭടൻമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ഗവണ്മെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എക്സ് സർവീസ്മെൻസ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യ മന്ത്രി ) :**

(എ) സംസ്ഥാനത്തെ വിമുക്ത ഭടൻമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി കേരള സംസ്ഥാന വിമുക്തഭട വികസന കോർപ്പറേഷൻ രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൂടാതെ ഇവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി സൈനിക ക്ഷേമ വകുപ്പ് വിവിധ പദ്ധതികൽ നടപ്പിലാക്കി വരുന്നു. യുദ്ധത്തിലോ യുദ്ധ സമാന സാഹചര്യങ്ങലിലോ 50% ന് മേൽ അംഗ വൈകല്യം സംഭവിച്ച് സിവിൽ ജോലിക്ക് അർഹതയില്ലാത്ത വിമുക്ത ഭടൻമാരുടെ ആശ്രിതരിൽ ഒരാൾക്ക് സംസ്ഥാന സർക്കാർ സർവീസിൽ ജോലി, യുദ്ധത്തിലോ തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിലോ പരിക്കേൽക്കുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്നവർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്ന് ധനസഹായം, വിമുക്തഭടൻമാരുടെ മിടുക്കരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, അർഹരായ വിമുക്ത ഭടന്മാർക്ക് ഭവന നിർമ്മാണത്തിന് 50000/ രൂപയുടെ ഗ്രാന്റ്, സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടിയുള്ള ബാങ്ക് ലോണിന് പലിശയിളവ് തുടങ്ങിയവയും സൈനികക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട്, അമാൽഗമേറ്റഡ് ഫണ്ട് എന്നിവയിൽ നിന്നും നൽകി വരുന്നു.

(ബി) കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേൻ രൂപീകരിച്ചിട്ടുണ്ട്.

(സി) 23/6/2000 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 409/2000/ പൊ.ഭ.വ.നംപർ ഉത്തരവു പ്രകാരം 50 ലക്ഷം രൂപ ഓഹരി മൂലധനത്തോടുകൂടി വിമുക്തഭടൻമാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനും പുനരധിവാസത്തിനുമായി കേരളാ സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ രൂപീകരിക്കുകയും 7/12/2001 ൽ 1956 ലെ കംപനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ചെയർമാനും മാനേജിംഗ് ഡയറക്ടറും ഉൾപ്പെടെ ഏഴ് അംഗങ്ങളുള്ള ബോർഡ് ഓഫ് ഡയറക്ടേർസ് രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.